(സി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി പ്രത്യേക യോഗം ചേർന്ന് നടപ്പാക്കാൻ നിർദ്ദേശിച്ച സബ്സിഡി നിരക്ക് പരിഷ്കാരങ്ങൾ എന്തൊക്കെയാ ; ഇവ നടപ്പാക്കാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നാൾ മുതൽ നടപ്പാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക വർഷം അവസാനിക്കുമ്പോഴാണ് ആ വർഷത്തെ കണക്കുകൾ സപ്ലൈകോ ക്രോഡീകരിക്കുന്നത്. ആയതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ സപ്ലൈകോയുടെ പ്രവർത്തന നഷ്ടം/ലാഭം ഇതുവരെ കണക്കാക്കിയിട്ടില്ല.

(ബി) ഉഴുന്ന് ബോൾ, ഉഴുന്ന് പരിപ്പ്, വൻപയർ, തുവര പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയായിരുന്നു സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. 6-7-2012 ൽ സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പരിപ്പ്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ഇവയ്ക്ക് പകരമായി ആവശ്യമുള്ള പെരുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ വിൽപ്പന നടത്തുന്നത്.

(സി) സർക്കാരിന്റെ വിപണി ഇടപെടൽ നയം സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ ശിപാർശകൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ ഇത് നടപ്പിൽ വരുത്തിയിട്ടില്ല.

വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ

267(1352) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഏത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയതെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

---

* ഇംഗ്ലീഷിൽ വായിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിപണിയിടപെടൽ ഇനത്തിൽ മാത്രം സിവിൽ സപ്ലൈസ് കോർപ്പറേഷന് ബജറ്റിൽ വകയിരുത്തിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

വർഷം	തുക (കോടിയിൽ)
2011-12	50
2012-13	50
2013-14	60
2014-15	65
2015-16	65

(ബി) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ച് നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

(2) അരിയും, പലവ്യഞ്ജനങ്ങളും ഉൾപ്പെടെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

(3) യഥാർത്ഥ ഉപഭോക്താവിന് സബ്സിഡി സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അരിയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

(4) കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(5) ഗോതമ്പുപൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഹോർട്ടികോർപ്പ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(6) പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കശുവണ്ടിപ്പരിപ്പുകൾ, കായം, വാളൻപുളി, ഏലം, അണ്ടിപ്പൊടി, പുട്ടുപൊടി, ഗണ്ണൽപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

(7) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾകൈക്കൊണ്ടുവരുന്നുണ്ട്.

റജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

268 (1353) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുക എത്ര;

(സി) ഈ അഞ്ച് ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ താഴെ ചേർക്കുന്നു :

2011 2012 :

(1) സബ് രജിസ്ട്രാർ ഓഫീസുകളെ ലോക്കൽ ഏരിയ ശൃംഖല വഴി റവന്യൂ ഓഫീസുകളുമായി ബന്ധപ്പെടുത്തി തൽസമയം ഓൺലൈനായി വിവരങ്ങൾ കൈമാറി ഉടൻതന്നെ പോക്കുവരവ് ചെയ്യാവുന്ന സമ്പ്രദായം നടപ്പിലാക്കുക.

(2) പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈനാക്കുക.

LIBRARY ARCHIVES Kerala Legislative Assembly